June : 20 / 2023

# KGBEU OU ബുള്ളറ്റിൻ 72/2023

സഖാക്കളെ,

## വിഷയം: EPF ലെ ബാങ്ക് contribution തിരിച്ചടവ്

AIRRBEA നേതൃത്വത്തിൽ വലിയ പോരാട്ടം നടത്തിയാണ് നാം പെൻഷൻ നേടിയെടുത്തത്. പെൻഷൻ ലഭിക്കുന്നതിനായി റിട്ടയർ ചെയ്തതിനു ശേഷം EPF ലുള്ള ബാങ്ക് contribution തിരിച്ച് കിട്ടുന്ന മുറക്ക് നാം ആ തുക പെൻഷൻ ട്രസ്റ്റിലേക്ക് തിരിച്ചടക്കേതുണ്ട്. കഴിഞ്ഞ മാർച്ച് മാസം വരെ ഇത് നല്ല നിലയിൽ പൊയ്ക്കൊണ്ടിരുന്നു. എന്നാൽ 2023 ഏപ്രിൽ മാസം മുതൽ EPF ൽ നിന്നും പലിശ നൽകുന്നില്ല. EPF ൽ നിന്നും പലിശ നൽകിയില്ലെങ്കിലും റിട്ടയർ ചെയ്ത ജീവനക്കാർ സ്വന്തം കയ്യിൽ നിന്നും ആ പലിശ ചേർത്ത് കൊണ്ട് ഈ തുക തിരിച്ചടക്കണം എന്നാണ് നമ്മുടെ മാനേജ്മെന്റ് തീരുമാനിച്ചിരിക്കുന്നത്. ഇത് റിട്ടയർ ചെയ്ത ജീവനക്കാർക്ക് പതിനായിരക്കണക്കിന് രൂപയുടെ ബാധ്യതയാണ് വരുത്തി വെക്കുന്നത്. EPF ൽ നിന്നും തിരികെ ലഭിക്കുന്ന തുകയേക്കാൾ ഒരു രൂപ പോലും തിരിച്ചടക്കാൻ റിട്ടയർ ചെയ്ത ജീവനക്കാർക്ക് ബാധ്യതയില്ല. റിട്ടയർ ചെയ്ത ജീവനക്കാരിൽ നിന്നും ഈ പരാതി ഉയർന്ന് വന്ന ഉടൻ തന്നെ സംഘടന മാനേജ്മെന്റുമായി സംസാരിക്കുകയും തെറ്റായ രീതിയിൽ തുക പിടിക്കുന്നത് അനുവദിക്കാനാവില്ല എന്ന് നിലപാടെടുക്കുകയും ചെയ്തു. Employer എന്ന നിലയ്ക്ക് നമ്മുടെ ബാങ്ക് EPF മായി ബന്ധപ്പെട്ട് ഈ തുക അവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുകയാണ് വേണ്ടതെന്നും, ഈ തുക കിട്ടുന്ന മുറക്ക് പെൻഷൻ ട്രസ്റ്റിലേക്ക് തിരിച്ചടക്കാൻ തയ്യാറാണ് എന്ന declaration അവരിൽ നിന്നും വാങ്ങിയാൽ മതിയെന്നും നാം വാദിച്ചു. മാനേജ്മെന്റ് നമ്മുടെ വാദം അംഗീകരിച്ചിട്ടുണ്ട്. ഈ വിവരം ഉടൻ തന്നെ ജീവനക്കാരെ അറിയിക്കുമെന്ന് മാനേജ്മെന്റ് സംഘടനയെ അറിയിച്ചു. മാനേജ്മെന്റ് EPF അധികാരികളുമായി ഇടപെട്ട് ഈ തുക ഉടൻ വാങ്ങിയെടുക്കണമെന്നും അധികമായി തിരിച്ചടച്ച റിട്ടയർ ചെയ്ത ജീവനക്കാർ ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് അവർക്ക് അധിക തുക തിരിച്ചു നൽകണമെന്നും നാം ആവശ്യപ്പെട്ടിട്ടുണ്ട്.

അഭിവാദ്യങ്ങളോടെ,
ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)